എസ്.എൻ.ഡി.പി ഓഫീസ് പണിയാൻ ലക്ഷങ്ങൾ വായ്പയെടുത്ത് നൽകിയവർ കടക്കെണിയിലായതായി പോലീസിൽ പരാതി

ആലക്കോട്: എസ്.എൻ.ഡി.പി ഓഫീസ് കെട്ടിടം പണിയാൻ ബാങ്കുകളിൽ നിന്നും മറ്റുമായി ലക്ഷങ്ങൾ വായ്പയെടുത്ത് നൽകിയവർ കടക്കെണിയിൽ കുടുങ്ങിയതായി പരാതി. ഉദയഗിരി അരിവിളഞ്ഞപൊയിൽ എസ്.എൻ.ഡി.പി 1502-ാം നമ്പർ ശാഖയുടെ ഓഫീസ് പൊളിച്ച് പണിയുന്നതിനായി ജില്ലാ സഹകരണ ബാങ്ക്, കാർഷിക വികസനബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ജെ.എൽ.ജി ഗ്രൂപ്പുകൾ മുഖാന്തിരം ലക്ഷങ്ങൾ വായ്പയെടുത്ത് നൽകിയ ഉദയഗിരി, അരിവിളഞ്ഞപൊയിൽ, തുവരക്കാട് സ്വദേശികളായ എസ്.എൻ.ഡി.പി പ്രവർത്തകരാണ് വൻ കെടക്കെണിയിലായത്. 2016ലാണ് ഓഫീസ് കെട്ടിടം പണിയുന്നതിനായി അരിവിളഞ്ഞപൊയിൽ സ്വദേശികളായ സോമൻ, സന്തോഷ്, ദീപേഷ്, രാജൻ,ബിനു, അംബിക, തങ്കച്ചൻ തുടങ്ങി നിരവധി പേർ വിവിധ ജെ.എൽ.ജി ഗ്രൂപ്പുകൾ മുഖാന്തിരം ലക്ഷങ്ങൾ വായ്പയെടുത്ത് എസ്.എൻ.ഡി.പി നേതൃത്വത്തിന് നൽകിയത്. ശാഖാ നേതൃത്വവും തളിപ്പറമ്പ യൂണിയൻ നേതൃത്വവും ലോൺ തുക തിരിച്ച് അടയ്ക്കുമെന്ന് ഉറപ്പ് നൽകിയതിനാലാണ് തങ്ങൾ വായ്പയെടുത്ത് നൽകിയതെന്ന് ഇവർ പറയുന്നു. എന്നാൽ നേതൃത്വം കൂറ് മാറിയെന്നാണ് ഇവരുടെ പരാതി. ലോൺ തിരിച്ചടയ്ക്കാതെ വന്നതോടെ ബാങ്കുകളിൽ നിന്ന് തങ്ങൾക്ക് ജപ്തി നോട്ടീസ് വന്നിരിക്കുകയാണെന്ന് കാണിച്ച് കടക്കെണിയിലായവർ കഴിഞ്ഞ ദിവസം കൂട്ടത്തോടെ ആലക്കോട് പോലീസ് സ്റ്റേഷനിലെത്തി പരാതി നൽകി. മൂന്ന് ലക്ഷത്തിലധികം രൂപയുടെ ബാധ്യതകളാണ് ഓരോ ജെ.എൽ.ജി ഗ്രൂപ്പുകൾക്കുമുള്ളത്. നേതൃത്വത്തെ വിശ്വസിച്ച് ആലക്കോട്ടെ ഇലക്ട്രിക്കൽ കടയിൽ നിന്ന് ഒന്നരലക്ഷത്തിലധികം രൂപയുടെ സാധനങ്ങൾ എടുത്ത വകയിലും വൻ തുകയുടെ ബാധ്യത നേരിട്ടതായും പരാതിയുണ്ട്. ഇത് സംബന്ധിച്ച് കടയുടെ മാനേജരാണ് പരാതി നൽകിയത്. എസ്.എൻ.ഡി.പി അരിവിളഞ്ഞപൊയിൽ ശാഖ പ്രസിഡണ്ട്, സെക്രട്ടറി, തളിപ്പറമ്പ യൂണിയൻ ഭാരവാഹികൾ എന്നിവർക്കെതിരെയാണ് കടക്കെണിയിലായവർ ആലക്കോട് സി.ഐക്ക് പരാതി നൽകിയത്. സംഭവത്തിൽ സി.ഐ ഇ.പി. സുരേശൻ, എസ്.ഐ കെ.പ്രഭാകരൻ എന്നിവരുടെ നേതൃത്വത്തിൽ പോലീസ് അന്വേഷണം തുടങ്ങി. ദിവസവും നിരവധി പേരാണ് പരാതിയുമായി പോലീസിനെ സമീപിച്ചുകൊണ്ടിരിക്കുന്നത്.

'വരദാനം' വിദ്യാർത്ഥികളുടെ ചിത്രപ്രദർശനവും വിൽപ്പനയും 11ന്

തളിപ്പറമ്പ: സീതിസാഹിബ് ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികളുടെ ചിത്രപ്രദർശനവും വിൽപ്പനയും 'വരദാനം' എന്ന പേരിൽ 11ന് ടൗൺ സ്ക്വയറിൽ സംഘടിപ്പിക്കും. മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസനിധിയിലേക്ക് ഫണ്ട് സ്വരൂപിക്കുന്നതിനായാണ് ചിത്രപ്രദർശനം സംഘടിപ്പിക്കുന്നതെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ചിത്രപ്രദർശന ഉദ്ഘാടനം രാവിലെ 10 മണിക്ക് പ്രശസ്ത ചിത്രകാരൻ വർഗീസ് കളത്തിൽ ചിത്രം വരച്ച് നിർവഹിക്കും. നഗരസഭ ചെയർമാൻ അള്ളാംകുളം മഹമ്മൂദ്, തളിപ്പറമ്പ വിദ്യാഭ്യാസ ജില്ലാ ഓഫീസർ രാധാകൃഷ്ണൻ, നോർത്ത് എ.ഇ.ഒ പി. മുസ്തഫ, നഗരസഭ സെക്രട്ടറി അഭിലാഷ്, സീതി സാഹിബ് സ്കൂൾ മാനേജർ പി.കെ. സുബൈർ, പ്രിൻസിപ്പൾ കാസിം, ഹെഡ്മാസ്റ്റർ ഫസലുള്ള, പി.ടി.എ. പ്രസിഡണ്ട് താജുദ്ദീൻ സംബന്ധിക്കും.

സീതിസാഹിബ് ഹൈസ്കൂൾ വിദ്യാർത്ഥികളായ ടി.പി. ദേവപ്രിയ, ശ്രീലക്ഷ്മി, സിയാദ് റഹ്മാൻ, പി. നമിത്ത്, അമൽ പ്രേം, പ്ലസ്ടു വിദ്യാർത്ഥികളായ പി. കൃഷ്ണപ്രിയ, എസ്. നാജിയ എന്നീ വിദ്യാർത്ഥികൾ വരച്ച ചിത്രങ്ങളാണ് വിൽപ്പനക്കായി പ്രദർശിപ്പിക്കുന്നത്. നേരത്തെ കലക്ട്രേറ്റിൽ നടന്ന ചടങ്ങിൽ എട്ടാം ക്ലാസ് വിദ്യാർത്ഥിനി ദേവപ്രിയ വരച്ച ചിത്രം ജില്ലാ കലക്ടർ മീർ മുഹമ്മദലി ഏറ്റുവാങ്ങി വിൽപ്പനയുടെ ഉദ്ഘാടനം നിർവഹിച്ചിരുന്നു. വാർത്താ സമ്മേളനത്തിൽ പി.കെ. സുബൈർ, ടി.വി. ഫസലുള്ള, താജുദ്ദീൻ, കെ.വി.ടി. മുസ്തഫ, ശംസുദ്ദീൻ ഇഞ്ചിക്കാലകത്ത്, മുഹമ്മദലി സംബന്ധിച്ചു.

സി.പി.ഐ ജാഥക്ക് സ്വീകരണം നൽകി

മണക്കടവ്: മോദിയെ പുറത്താക്കൂ, രാജ്യത്തെ രക്ഷിക്കൂ എന്ന മുദ്രാവാക്യമുയർത്തിയുള്ള സി.പി.ഐ ഇരിക്കൂർ മണ്ഡലം കമ്മിറ്റിയുടെ കാൽനട ജാഥക്ക് മണക്കടവിൽ സ്വീകരണം നൽകി. ബാലകൃഷ്ണൻ മണ്ണൂർ അധ്യക്ഷത വഹിച്ചു. ജാഥാലീഡർ കെ.ടി. ജോസ്, വി.ജി. സോമൻ, ടി.കെ. വൽസൻ, ജെ.പി. ജോസഫ്, അഡ്വ. കെ.പി. സജീഷ്, എം. രാജീവൻ, കെ. സജി പ്രസംഗിച്ചു. കെ.ആർ. രതീഷ് സ്വാഗതം പറഞ്ഞു.

മലയോര ഹൈവേയിലൂടെ വിമാനത്താവളത്തിലേക്ക് ബസ് സർവ്വീസ് അനുവദിക്കണമെന്ന് ആവശ്യം

ആലക്കോട്: മലബാറിന്റെ പതിറ്റാണ്ടുകൾ നീണ്ട കാത്തിരിപ്പ് സഫലമാക്കി ഡിസംബർ ഒമ്പതിന് കണ്ണൂർ വിമാനത്താവളം ഉദ്ഘാടനം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ മലയോര മേഖലയെ വിമാനത്താവളവുമായി ബന്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി ബസ് ആരംഭിക്കണമെന്ന് ആവശ്യമുയർന്നു. നിർമ്മാണ പ്രവർത്തികൾ പൂർത്തിയായി വരുന്ന മലയോര ഹൈവേയിലൂടെ കണ്ണൂർ- കാസർക്കോട് ജില്ലകളെ ബന്ധിപ്പിച്ച് പാണത്തൂർ - ഒടംചാൽ- പരപ്പ-വെള്ളരിക്കുണ്ട്- ചെറുപുഴ- ആലക്കോട്- കരുവഞ്ചാൽ- നടുവിൽ വഴി മട്ടന്നൂർ വിമാനത്താവളത്തിലേക്ക് ബസ് സർവ്വീസ് അനുവദിക്കണമെന്നാണ് ആവശ്യം. മലയോര മേഖലയിലെ ആയിരക്കണക്കിന് യാത്രക്കാർക്ക് കണ്ണൂർ വിമാനത്താവളവുമായി ബന്ധപ്പെടുന്നതിന് ഇത്തരമൊരു ബസ് സർവീസ് ഏറെ ഉപകരിക്കപ്പെടുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇതുസംബന്ധിച്ച് നിരവധി സംഘടനകൾ കെ.എസ്.ആർ.ടി.സി അധികൃതർക്ക് നിവേദനം നൽകിയിട്ടുണ്ട്. വെള്ളരിക്കുണ്ട്- ആലക്കോട്- ഇരിട്ടി മേഖലകളെ ബന്ധിപ്പിച്ച് പുതിയ ബസ് സർവ്വീസുകൾ അനുവദിക്കണമെന്ന ആവശ്യം ശക്തമായിട്ടുണ്ട്.

സ്വച്ഛതാ ഹി സേവ ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു

കാർത്തികപുരം: ഉദയഗിരി ഗ്രാമപഞ്ചായത്തിൽ സ്വച്ഛതാ ഹി സേവയുടെ ഭാഗമായി കുടുംബശ്രീ ആരോഗ്യ വളണ്ടിയർമാർ, ആരോഗ്യ പ്രവർത്തകർ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മേറ്റുമാർക്കും വേണ്ടി സ്വച്ഛതാ ഹി സേവ ഏകദിന ക്യാമ്പയിൻ പഞ്ചായത്ത് പ്രസിഡണ്ട് മിനി മാത്യു ഉദ്ഘാടനം ചെയ്തു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ബീന സുരേഷ് അധ്യക്ഷത വഹിച്ചു. കുടുംബശ്രീ ചെയർപേഴ്സൺ ബീനീഷ് ജോർജ് സംസാരിച്ചു. വി.ഇ.ഒ എ.ആർ. പ്രദീപ്, ഹെൽത്ത് ഇൻസ്പെക്ടർ മുരളി ക്ലാസെടുത്തു. പഞ്ചായത്ത് സെക്രട്ടറി ഒ. എം.ജോർജ് സ്വാഗതവും പഞ്ചായത്ത് അസി. സെക്രട്ടറി പി.എ. ജോസഫ് നന്ദിയും പറഞ്ഞു.

ഗോത്ര സാരഥി പദ്ധതിയുടെ തുക കിട്ടാതെ ഡ്രൈവർമാർ വലയുന്നു

ആലക്കോട്: ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ വീടുകളിൽ നിന്ന് വാഹനങ്ങളിൽ സ്കൂളുകളിലെത്തിക്കുന്ന ഗോത്രസാരഥി പദ്ധതിയുടെ തുക മാസങ്ങളായി മുടങ്ങിയത് ഡ്രൈവർമാരെ അതീവ സാമ്പത്തിക ദുരിതത്തിലാഴ്ത്തുന്നു. ആദിവാസി മേഖലകളിൽ നിന്ന് വിദ്യാർത്ഥികളെ സ്കൂളിലെത്തിക്കുന്ന മലയോര മേഖലയിലെ ടാക്സി ഡ്രൈവർമാർക്കാണ് വൻ തുക കിട്ടാനുള്ളത്. ആലക്കോട്, ഉദയഗിരി പഞ്ചായത്തുകളിലെ നിരവധി ഡ്രൈവർമാർക്ക് മാസങ്ങളുടെ കുടിശിക തുക കിട്ടാനുണ്ട്. ഡീസൽ വില വർധനയുടെയും മറ്റും പശ്ചാത്തലത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനിടെ ഗോത്രസാരഥി പദ്ധതിയുടെ തുക കിട്ടാതെ വരുന്നത് ടാക്സി ഡ്രൈവർമാരെ കടക്കെണിയിലാഴ്ത്തിയിരിക്കുകയാണ്. കുടിശിക തുക എത്രയും വേഗത്തിൽ ലഭ്യമാക്കുന്നതിന് അധികൃതർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യമുയർന്നു.

സാലറി ചാലഞ്ച് ലോകബാങ്ക് അജണ്ടയാണ്; വിശദീകരണ യോഗം നാളെ

കണ്ണൂർ: പ്രളയത്തിന്റെ മറപിടിച്ച് ലോക ബാങ്ക് അജണ്ടയായ സാലറി ചാലഞ്ച് നടപ്പിലാക്കിയതിലും അതിന് എതിരെ കോടതിവിധി സമ്പാദിച്ച അധ്യാപകരെ വേട്ടയാടുന്നതിലും പ്രതിഷേധിച്ച് വിവിധ ഇടതുപക്ഷ പാർട്ടികളുടെയും മനുഷ്യാവകാശ പ്രവർത്തകരുടെയും ആഭിമുഖ്യത്തിൽ ഒക്ടോബർ പത്ത് ബുധനാഴ്ച വൈകുന്നേരം അഞ്ച് മണിക്ക് കണ്ണൂർ പഴയ ബസ്സ്റ്റാന്റ് പരിസരത്ത് വിശദീകരണ യോഗം സംഘടിപ്പിക്കും. സി.പി.ഐ(എം.എൽ) റെഡ്സ്റ്റാർ പി.ബി. അംഗം ഡോ. പി.ജെ. ജയിംസ് യോഗത്തിന്റെ ഉദ്ഘാടനം നിർവഹിക്കും. കെ.സി. രാജൻ (കെ.പി.എസ്.ടി.എ സംസ്ഥാന വൈസ് പ്രസിഡണ്ട്), വി.കെ. സദാനന്ദൻ (എസ്.യു.സി.ഐ കമ്മ്യൂണിസ്റ്റ്), കെ.സി. ഉമേഷ്ബാബു, ഡോ. വി. പ്രസാദ്, ഡോ. ഡി സുരേന്ദ്രനാഥ്, അഡ്വ. കസ്തൂരിദേവൻ, കെ. സുനിൽകുമാർ എന്നിവർ പ്രസംഗിക്കും.

ശുചീകരണ പ്രവൃത്തി നടത്തി

തളിപ്പറമ്പ: തൃച്ചംബരം പഞ്ചവടി റസിഡന്റ്സ് അസോസിയേഷൻ സ്വച്ഛതാഹി സേവ, ഗ്രീൻ പ്രോട്ടോകോൾ തീവ്രശുചീകരണ യജ്ഞത്തിന്റെ ഭാഗമായി തൃച്ചംബരം പെട്രോൾ പമ്പ്, ബസ്സ്റ്റോപ്പ് പരിസരത്ത് ശുചീകരണ പ്രവൃത്തി നടത്തി. പ്രസിഡണ്ട് എ.വി. രാമകൃഷ്ണന്റെ അധ്യക്ഷതയിൽ നഗരസഭ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ രജനി രമാനന്ദ് ഉദ്ഘാടനം നിർവഹിച്ചു. സ്ത്രീകളും കുട്ടികളും, മുതിർന്നവരും ഉൾപ്പെടെ നിരവധി പേർ സംബന്ധിച്ചു. സെക്രട്ടറി പി.വി. പ്രകാശൻ സ്വാഗതവും ജോയിന്റ് സെക്രട്ടറി കെ.വി. വിലാസൻ നന്ദിയും പറഞ്ഞു.

ട്രഷറി പെൻഷനേഴ്സ് ഫോറം സൗഹൃദസംഗമ നാളെ

കണ്ണൂർ: ജില്ലയിലെ വിവിധ ട്രഷറികളിൽ സേവനം ചെയ്ത് വിരമിച്ചവരുടെ കൂട്ടായ്മയായ ട്രഷറി പെൻഷനേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നാളെ രാവിലെ 10 മണിക്ക് ഐ.എം.എ ഹാളിൽ സൗഹൃദസംഗമം സംഘടിപ്പിക്കും. ദീർഘകാലം സേവനം ചെയ്ത സീനിയർ അംഗങ്ങളെ ചടങ്ങിൽ ആദരിക്കും.

സ്വച്ഛതാ ഹി സേവാ
സ്വച്ഛതാ ഹി സേവ
പഞ്ചവടി റസിഡൻസ് അസോസിയേഷൻ

ശുചീകരണ പ്രവൃത്തിയിലേർപ്പെട്ട പഞ്ചവടി റസിഡന്റ്സ് അസേസിയേഷൻ പ്രവർത്തകർ

നവരാത്രി മഹോത്സവത്തിന് നാളെ തുടക്കം

ബക്കളം: കടമ്പേരി ചുഴലി ഭഗവതി ക്ഷേത്രത്തിലെ നവരാത്രി വിളക്ക് ആഘോഷം നാളെ മുതൽ 19 വരെ നടക്കും. 16ന് വൈകുന്നേരം 6.15ന് ഡോ. കെ.എൻ. ബാലകൃഷ്ണൻ നമ്പ്യാരുടെ പ്രഭാഷണം. 18ന് വൈകുന്നേരം 6.15ന് സംഗീതാരാധനയും തുടർന്ന് കരോക്കെ ഭക്തിഗാനമേള. 19ന് രാവിലെ ഗ്രന്ഥപൂജ,വാഹനപൂജ, വിദ്യാരംഭം എന്നിവ നടക്കും.

ആലക്കോട്: കാർത്തികപുരം കോഴിത്താവളംപായത്ത് കരിഞ്ചാമുണ്ഡി മൂലസ്ഥാനം ദേവീ ക്ഷേത്രത്തിൽ നാളെ മുതൽ 19 വരെ രാവിലെ അഞ്ച് മുതൽ ഹോമപൂജാദി കർമ്മങ്ങൾ. 8.30 മുതൽ ശ്രീമദ്ദേവീ ഭാഗവത പാരായണവും പ്രഭാഷണവും. സി.കെ.ജി മാസ്റ്റർ ആലക്കോട്, വിജയമ്മ ടീച്ചർ നേതൃത്വം നൽകും. രാത്രി ഏഴ് മുതൽ സംഗീതാർച്ചന, 17ന് ദുർഗാഷ്ടമി, 18ന് മഹാനവമി, ആയുധപൂജ, 19ന് വിജയദശമി- മഹാഗണപതി ഹോമം, പൂജയെടുപ്പ്, വിദ്യാരംഭം ചടങ്ങുകളും നടക്കും. ക്ഷേത്രം തന്ത്രി പന്ന്യോട്ടില്ലം മാധവൻ നമ്പൂതിരി നേതൃത്വം നൽകും. 11ന് തെയ്യക്കളത്തിൽ പുത്തരി കലശവും 27ന് രാവിലെ 11.30ന് പത്താമുദയ കലശവും നടക്കും.

തളിപ്പറമ്പ: മുള്ളൂൽ തൃക്കോവിൽ മഹാവിഷ്ണു ക്ഷേത്രത്തിലെ നവരാത്രി ആഘോഷം നാളെ മുതൽ നടക്കും. 12ന് വൈകുന്നേരം 7.30ന് മുള്ളൂൽ കെ. ഭാസ്ക്കരൻ അവതരിപ്പിക്കുന്ന ഭക്തിഗാനം, 15ന് 7.30ന് സംഗീതാർച്ചന, 18ന് തിരുവാതിര, 19ന് രാവിലെ ഏഴ് മണിക്ക് വാഹനപൂജ, ഗ്രന്ഥപൂജ, ഒമ്പത് മണിക്ക് വിദ്യാരംഭം. എല്ലാ ദിവസവും രാവിലെ ആറ് മണിക്ക് വിശേഷാൽ പൂജയും വൈകുന്നേരം ഏഴ് മണിക്ക് നിറമാലയും ഉണ്ടാകും.

ശ്രീകണ്ഠപുരത്തെ വ്യാപാരികൾ കെ.എസ്.ഇ.ബി അധികൃതർക്ക് നിവേദനം നൽകി പ്രതിഷേധമറിയിക്കുന്നു.

വൈദ്യുതിമുടക്കം; പ്രതിഷേധവുമായി ശ്രീകണ്ഠപുരത്തെ വ്യാപാരികൾ

ശീകണ്ഠപുരം: ടൗണിലും പരിസരങ്ങളിലും വൈദ്യുതി മുടക്കം പതിവായതോടെ പ്രതിഷേധവുമായി വ്യാപാരികൾ രംഗത്ത്. വ്യാപാരി വ്യവസായി ഏകോപന സമിതി ശ്രീകണ്ഠപുരം യൂണിറ്റ് കമ്മിറ്റിയാണ് പ്രസിഡണ്ട് സി.സി മാമു ഹാജിയുടെ നേതൃത്വത്തിൽ കെ എസ് ഇ ബി ഓഫീസിലെത്തി പ്രതിഷേധമറിയിച്ച് നിവേദനം നൽകിയത്.

2015ൽ 86 ലക്ഷം രൂപ പാസായിട്ടും പാതി വഴിയിൽ നിലച്ച ടൗൺ ഫീഡർ നിർമ്മാണം ഉടൻ പൂർത്തീകരിക്കണമെന്നും വൈദ്യുതി മുടക്കം കാരണം വ്യാപാരികൾ ദുരിതമനുഭവിക്കേണ്ടി വരുന്നതിനാൽ പ്രശ്ന പരിഹാരമുണ്ടാക്കണമെന്നും വ്യാപാരി നേതാക്കൾ ആവശ്യപ്പെട്ടു. ശ്രീകണ്ഠാപുരം ഇലക്ട്രിക്കൽ സർക്കിൾ ഡപ്യൂട്ടി ചീഫ് എൻജിനീയർ, അസിസ്റ്റന്റ് എൻജിനീയർ എന്നിവരെ നേരിൽ കണ്ടാണ് നിവേദനം നൽകിയത്. നേതാക്കളായ സി. അയ്യൂബ്, കെ.ഖാദർ, ബി.പി ബഷീർ, ബിജു കൈച്ചിറമറ്റം, മേമി, അബ്ദുള്ള, സജി,യൂത്ത് വിംഗ് ഭാരവാഹികളായ കെ.പി ഇബ്രാഹിം, വി.നിയാസ്, സി.നാസർ നേതൃത്വം നൽകി.

വ്യാപാരി വ്യവസായി സമിതി അനിശ്ചിതകാല സമരത്തിലേക്ക്

കണ്ണൂർ: വികസനത്തിന്റെ പേരിൽ ഒഴിപ്പിക്കപ്പെടുന്ന വ്യാപാരികളെ സംരക്ഷിക്കാൻ സർക്കാർ നടപടി വേണമെന്നാവശ്യപ്പെട്ട് ഇടതുപക്ഷ അനുകൂല വ്യാപാരി സംഘടനയായ വ്യാപാരി വ്യവസായി സമിതി പ്രത്യക്ഷ സമരത്തിലേക്ക്. നവംബർ ഒന്നു മുതൽ കലക്ട്രേറ്റിന് മുന്നിൽ അനിശ്ചിതകാല സമരം നടത്തുമെന്ന് സമിതി ജില്ലാഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

പത്ത് ലക്ഷം രൂപയെങ്കിലും ഓരോ വ്യാപാരിക്കും നഷ്ടപരിഹാരം നൽകണം. ബദൽ സംവിധാനം ഉറപ്പുവരുത്താനും സർക്കാറിന് ബാധ്യതയുണ്ട്. ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ജില്ലയിൽ മാത്രം 1100 വ്യാപാരികളാണ് ഒഴിപ്പിക്കൽ ഭീഷണിയിലുള്ളത്. എയർപോർട്ട് റോഡ് വികസനത്തിന്റെ പേരിലും ഏതാണ്ട് ഇത്ര തന്നെ വ്യാപാരികൾക്ക് ജീവനോപാധി നഷ്ടപ്പെടും. ലക്ഷങ്ങളുടെ കടബാധ്യതയിലുള്ള വ്യാപാരികൾക്ക് ഒഴിപ്പിക്കലോടെ ജീവിതം വഴിമുട്ടുകയാണെന്ന് ഇവർ ചൂണ്ടിക്കാട്ടി.

വാർത്താസമ്മേളനത്തിൽ ജില്ലാ സെക്രട്ടറി വി.ഗോപിനാഥൻ, ചാക്കോ മുല്ലപ്പള്ളി, എം.എ.ഹമീദ് ഹാജി, പി.വിജയൻ സംബന്ധിച്ചു.

തളിപ്പറമ്പ മേഖല വിഖായദിന സംഗമം ജലീൽ ഹസനി ഉദ്ഘാടനം ചെയ്യുന്നു

തിരുവട്ടൂരിൽ ആശുപത്രി കെട്ടിടം വൈകുന്നു; സമരത്തിനൊരുങ്ങി നാട്ടുകാർ

തളിപ്പറമ്പ: പരിയാരം പഞ്ചായത്തിലെ തിരുവട്ടൂരിൽ അനുവദിച്ച ആശുപത്രി കെട്ടിടം അധികൃതരുടെ അനാസ്ഥ മൂലം വൈകുന്നതായി പരാതി. നിലവിൽ ഇവിടെ പ്രവർത്തിച്ചുവരുന്ന ആയുർവേദ ഡിസ്പെൻസറി അപ്ഗ്രേഡ് ചെയ്ത് പത്ത് ബെഡ് സൗകര്യമുള്ള ആശുപത്രിയാക്കി മാറ്റാൻ മൂന്ന് വർഷം മുമ്പ് ആരോഗ്യവകുപ്പ് അനുമതി നൽകിയിരുന്നു. കെട്ടിടത്തിൽ ഇതിനുള്ള സൗകര്യമില്ലാത്തതിനാൽ ഒരു വാടക കെട്ടിടത്തിലായിരുന്നു ബെഡ് സൗകര്യത്തോടെ കുറച്ചുകാലം ആശുപത്രി പ്രവർത്തിച്ചിരുന്നത്. എന്നാൽ വാടക സംബന്ധമായ പ്രശ്നങ്ങളാൽ ഇത് നിലക്കുകയാണുണ്ടായത്. ഈ സൗകര്യങ്ങളൊക്കെയുള്ള ആയുർവേദ ആശുപത്രിക്ക് ഒരു സ്ഥിരം കെട്ടിടം പണിയണമെങ്കിൽ നിലവിൽ ഡിസ്പെൻസറി പ്രവർത്തിക്കുന്ന സ്ഥലം പോരാ എന്ന ഭരണ സമിതിയുടെ കണ്ടെത്തലിനെ തുടർന്ന് ആശുപത്രിക്കാവശ്യമായ അമ്പത് സെന്റ് സ്ഥലം തിരുവട്ടൂർ മുസ്ലിം ജമാഅത്ത് കമ്മിറ്റി സൗജന്യമായി വിട്ടുനൽകിയിട്ടും തുടർ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് അധികൃതർ മുന്നോട്ട് വന്നിട്ടില്ലത്രെ. ആശുപത്രി കെട്ടിടം ഇനിയും വൈകുകയാണെങ്കിൽ ശക്തമായ പ്രക്ഷോപങ്ങളുമായി മുന്നോട്ട് പോകുമെന്ന് നാട്ടുകാർ അറിയിച്ചു.

മേഖല വിഖായദിന സംഗമം നടത്തി

തളിപ്പറമ്പ: തളിപ്പറമ്പ മേഖല വിഖായദിന സംഗമം ജലീൽ ഹസനി ഉദ്ഘാടനം ചെയ്തു. സഹജീവികളുടെ വേദനകൾ കണ്ടറിഞ്ഞ് സഹായങ്ങൾ ചെയ്യുന്നതിന് സേവനം മുഖമുദ്രയാക്കണം, അതിനുള്ള തയ്യാറെടുപ്പാണ് വിഖായ ദിനത്തിൽ എസ്.കെ.എസ്.എസ്.എഫ് നടത്തുന്നതെന്നും അദേഹം പറഞ്ഞു. കരീം അരിയിൽ അധ്യക്ഷത വഹിച്ചു. ഹസൈനാർ മാസ്റ്റർ ക്ലാസെടുത്തു. സിദിഖ് ദാരിമി ബക്കളം, ഇബ്നുആദം, ശഫീഖ് ദാരിമി, ഹാരിസ് ഫൈസി, അബ്ദുള്ള യമാനി, തുഫൈൽ അരിപ്പാമ്പ്ര, സ്വഫ്‌വാൻ പനക്കാട്, ശിബ്‌ലി അരിയിൽ സംസാരിച്ചു.



ശ്രീകണ്ഠപുരം ബസ് സ്റ്റാൻഡിനു സമീപത്തെ കൂറ്റൻ മാവ് പൂത്തപ്പോൾ.

കാലാവസ്ഥാ വ്യതിയാനം: മാവുകൾ പൂത്തുലഞ്ഞു

ശ്രീകണ്ഠപുരം: കാലാവസ്ഥാ വ്യതിയാനം സംഭവിച്ചതോടെ മലയോരത്തടക്കം മാവുകൾ പൂക്കാൻ തുടങ്ങി. കൊടുംവേനലിൽ മാത്രം പൂക്കുകയും കായ്ക്കുകയും ചെയ്യുന്ന മാവുകളാണ് ഇത്തവണ നേരത്തെ പൂത്തുലഞ്ഞത്.മാമ്പഴക്കാലം തീർന്ന് മാസങ്ങൾ പിന്നിടുമ്പോഴേക്കും പ്രളയവും ദുരിതങ്ങളും കഴിഞ്ഞ് കത്തുന്ന വേനലും മഞ്ഞും മഴയും മാറി മറിഞ്ഞെത്തിയതോടെയാണ് വീണ്ടുമൊരു മാമ്പഴക്കാലത്തിനു കൂടി സാക്ഷ്യം വഹിക്കാനൊരുങ്ങുന്നത്. ഇത് കർഷകരിലും മറ്റും ഏറെ കൗതുകമുണ്ടാക്കുന്നുണ്ട്. മലമടക്കുകളിലും ജില്ലയുടെ വിവിധ ഭാഗങ്ങളിലും ഇതിനോടകം തന്നെ നാടൻ മാമ്പഴങ്ങൾ വിരിയുന്ന മാവുകളും കശുമാവുകളും പൂത്തുലഞ്ഞ് നിൽക്കുന്നത് കർഷകശാസ്ത്രജ്ഞരും നിരീക്ഷിച്ച് വരികയാണ്.

പ്രവാസി സംഘം തട്ടിപ്പ്; പരിഹാരമായില്ലെങ്കിൽ സമരം: ബി.ജെ.പി

തളിപ്പറമ്പ: സി.പി.എം നിയന്ത്രണത്തിലുള്ള പ്രവാസി സംഘം ഓഫീസിൽ നടന്ന തട്ടിപ്പുമായി ബന്ധപ്പെട്ട് സമഗ്ര അന്വേഷണം ഉണ്ടാവണമെന്ന് ബി.ജെ.പി തളിപ്പറമ്പ നിയോജക മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു. പ്രവാസികൾക്ക് നഷ്ടപ്പെട്ട പണം ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി നൽകണം. നിഷ്പക്ഷവും നീതിപൂർവവുമായ നടപടി അധികാരികളുടെ ഭാഗത്ത് നിന്നുണ്ടായില്ലെങ്കിൽ പോലീസ് സ്റ്റേഷൻ മാർച്ച് അടക്കമുള്ള സമരപരിപാടികൾ സംഘടിപ്പിക്കാനും യോഗം തീരുമാനിച്ചു. പി. ബാലകൃഷ്ണൻ മാസ്റ്റർ, ആനിയമ്മ രാജേന്ദ്രൻ, ടി.ടി. സോമൻ, രവീന്ദ്രൻ കടമ്പേരി, എൻ.കെ.ഇ. ചന്ദ്രശേഖരൻ മാസ്റ്റർ സംസാരിച്ചു.

തന്ത്രി സമാജം ഉത്തരമേഖലാ ഭാരവാഹികൾ

കണ്ണൂർ: അഖില കേരള തന്ത്രി സമാജം ഉത്തരമേഖലാ സമ്മേളനത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ഇരവിൽ പത്മനാഭൻ വാഴുന്നവർ (പ്രസിഡന്റ്), ഏറാഞ്ചേരി ഹരിഗോവിന്ദൻ നമ്പൂതിരി (വൈസ് പ്രസിഡന്റ്), ഇടവലത്ത് പുടയൂർ ജയനാരായണൻ നമ്പൂതിരിപ്പാട് (സെക്രട്ടറി), കുന്നം ജയകൃഷ്ണൻ നമ്പൂതിരി (ജോയിന്റ് സെക്രട്ടറി), എടക്കഴിപ്പുറം രമേശൻ നമ്പൂതിരി (ട്രഷറർ).

പത്മനാഭൻ വാഴുന്നവർ

ജയനാരായണൻ

ബി.എം.എസ് രാപ്പകൽ സമരം നാളെ തുടങ്ങും

കണ്ണൂർ: സംസ്ഥാന സർക്കാറിന്റെ മനുഷ്യാവകാശ ധ്വംസനത്തിനും പ്രളയത്തിന്റെ പേരിലുള്ള പിടിച്ചുപറിക്കുമെതിരേ ബി.എം.എസ് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കണ്ണൂരിൽ രാപ്പകൽ സമരത്തിന് നാളെ തുടക്കമാകും. സ്റ്റേഡിയം കോർണറിൽ രാവിലെ 11 മണിക്ക് സംസ്ഥാന സെക്രട്ടറി വി.വി.ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. 11ന് രാവിലെ 11 മണിക്ക് സമാപനം സംസ്ഥാന സെക്രട്ടറി ആർ.രഘുരാജ് ഉദ്ഘാടനം ചെയ്യും. സി.പി.എം നേതൃത്വത്തിലുള്ള ഭരണകൂടം പ്രളയത്തിന്റെ മറവിലും പാർട്ടി താൽപര്യങ്ങൾ മാത്രം സംരക്ഷിക്കുന്ന നിലപാട് കൈക്കൊള്ളുന്നത് ജനത്തെ ദുരിതത്തിലാക്കുകയാണെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ ആരോപിച്ചു. ജില്ലാ പ്രസിഡണ്ട് എം.വേണുഗോപാൽ, സെക്രട്ടറി സി.വി.തമ്പാൻ, പി.കൃഷ്ണൻ, കെ.കെ.ശ്രീജിത്ത് വാർത്താസമ്മേളനത്തിൽ സംബന്ധിച്ചു.

നാമജപയാത്ര നാളെ മണക്കടവിൽ

ആലക്കോട്: ശബരിമലയെ രക്ഷിക്കുകയെന്ന സന്ദേശമുയർത്തി അയ്യപ്പ സേവാസമാജം സംഘടിപ്പിക്കുന്ന നാമജപ യാത്ര നാളെ വൈകുന്നേരം നാല് മണിക്ക് കാർത്തികപുരം എസ്.എൻ.ഡി.പി ഗുരുമന്ദിരത്തിന് സമീപത്ത് നിന്ന് മണക്കടവിലേക്ക് നടക്കും.

വീടും സ്ഥലവും വിൽപ്പനക്ക്

പൂവ്വം ക്രിസ്ത്യൻ പള്ളിക്ക് പിറകിൽ മണിയറമുറ്റം റോഡിൽ 14½ സെന്റ് സ്ഥലവും വീടും വിൽപ്പനക്ക്.

7510224559
04602226123

ഫാർമസിസ്റ്റിനെ ആവശ്യമുണ്ട്

തളിപ്പറമ്പിൽ പുതുതായി തുടങ്ങാനുദേശിക്കുന്ന ഫാർമസിയിലേക്ക് ഫാർമസിസ്റ്റിനെ ആവശ്യമുണ്ട്.

9562220497

ബഹു. തളിപ്പറമ്പ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ മുമ്പാകെ
OP (MV) 281/18
IA. 3425/18

പെണ്ണമ്മ W/o. വർഗ്ഗീസ് - ഹർജിക്കാരി
സന്തോഷ് മുതൽ പേർ - എതിർകക്ഷികൾ
R1.
സന്തോഷ് മാത്യു, S/o. മാത്യു, വയസ് 22
മുള്ളൻകുഴിയിൽ വീട്,
കുണ്ടപ്പാറ, സി.പൊയിൽ പി.ഒ
കണ്ണൂർ (ഡിസ്ട്രിക്ട്) പിൻ- 670502 - 1-ാം എതിർകക്ഷി

മേപ്പടി 1-ാം എതിർകക്ഷിക്കുള്ള കല്പന പതിച്ചു നടത്തുവാൻ കല്പിച്ച് കേസ് 15-11-18 തീയതി പകൽ 11 മണിക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, **തോമസ് ജോസഫ് മണ്ണൂർ** (ഒപ്പ്)
ഹർജിക്കാരി ഭാഗം അഡ്വക്കറ്റ്, തളിപ്പറമ്പ